Mr. A. Sivarama Menon.—May I suggest that the posting of a senior Headmistress itself may improve the strength of the school and hence the necessity to abolish the school may not have to be carried out at all ?

Mr. I. N. Menon.—That will be an indictment of the present Headmistress. She is a very capable Headmistress and my enquiries goto show that the deficiency in strength is partly due to the reluctance of the parents to send their children to school and partly due to the orthodoxy of the old fashioned guardians.

Mr. A. Sivarama Menon.—I shall make my position clear. I did not mean the slightest reflection on the work of the present Headmistress who is eminently popular in the place. She being anxious to leave the place after having served there for four and odd years I only made the suggestion whether it will not be advantageous both to the place as well as to the department if a senior teacher can be posted there.

Depressed Class Students in St. Albert's High School.

133. മിസ്റ്റർ കെ. പി. വള്ളോൻ.— ഫ്രഫ്രം-ൽ സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽ വിദ്യാഭ്യാസം ചെയ്യുവരുന്ന വിദ്യാർത്ഥികൾക്ക് കൊടുത്തിട്ടുള്ള വസ്ത്രങ്ങളുടെ എണ്ണം എത്ര; ഓരോന്നിന്നും എന്തുവീതം വിലയായിട്ടുണ്ട്?

രാമവർമ്മതമ്പുരാൻ.—

൪ വലിയ മുണ്ടുകൾ ന്ന ണ. വീതം.

൩ന്ന ഇടത്തരം ,, ൪½ ണ. ,,

൨൪ ചെറിയ ,, ൨¾ ണ. ,,

മിസ്റ്റർ കെ.പി. വള്ളോൻ.— "൪ വലിയ മുണ്ടുകൾക്ക് ആറണ വീതം" ഇതു് ഏതു ക്ലാസിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കാണു കൊടുക്കുന്നതെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ.— പ്രായമായിട്ടുള്ള വിദ്യാർത്ഥികൾക്കായിരിയ്ക്കും.

മിസ്റ്റർ കെ.പി. വള്ളോൻ.— സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിലേയ്ക്കു് തന്ന മുണ്ടുകളിൽ ഗവൺമെൻറിലേയ്ക്കു് അയച്ചുകൊടുത്ത വല്ല മുണ്ടുകളും പെട്ടിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.— ആരു ഗവൺമെൻറിലേയ്ക്കയച്ചുകൊടുത്തു?

മിസ്റ്റർ കെ.പി. വള്ളോൻ.— ഇതു് അവിടെ പഠിയ്ക്കുന്ന കുട്ടികൾക്ക് അയച്ചുകൊടുത്തതാണെന്നു പറഞ്ഞു് അവർ എനിയ്ക്കയച്ചു തന്നിട്ടുള്ളതാണു്. (മുണ്ടു് എടുത്തുവിടുത്തി കാണിയ്ക്കുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എം. ഇബ്രാഹിം— ബഹുമാനപ്പെട്ട അധഃകൃതപ്രതിനിധി കാണിച്ച മുണ്ടിനാണോ ആറണ വില?

മിസ്റ്റർ കെ. പി. വള്ളോൻ.— $2\frac{3}{4}$ അണ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— മുണ്ടിനു പകരം അണതന്നെ കൊടുത്തിട്ട് മുണ്ടു വാങ്ങിക്കൊള്ളുവാൻ പറയുന്നതിനു തടസ്ഥമുണ്ടോ?

രാമവമ്മതമ്പുരാൻ.— അതിനെപററി ആലോചിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ.— ഇതിന് $4\frac{1}{2}$ അണ വീതം വിലയുണ്ടെന്നു പറഞ്ഞിരിയ്ക്കുന്നു. (ഒരു മുണ്ടു കാണിച്ചുകൊണ്ട്) $4\frac{1}{2}$ ണ. വില ഇതിനുണ്ടായിരിയ്ക്കുമോ?

രാമവമ്മതമ്പുരാൻ.— എനിയ്ക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:— $1\frac{3}{4}$ ണ. വിലയിട്ടിരിയ്ക്കുന്നു!

മിസ്റ്റർ കെ. എം. ഇബ്രാഹിം.— ആ സ്കൂളിൽ ആകെ എത്ര അധഃകൃത കുട്ടികളുണ്ട്?

രാമവമ്മതമ്പുരാൻ.— നോട്ടീസു വേണം.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— അവരിൽ തുണി കൊടുക്കാത്ത ആളുകൾ ഉണ്ടായിരിയ്ക്കുമോ?

രാമവമ്മതമ്പുരാൻ.— ഉണ്ടായിരിയ്ക്കയില്ല.

മിസ്റ്റർ ജോസഫ് പെട്ട.— ബഹുമാനപ്പെട്ട അധഃകൃത പ്രതിധി $1\frac{3}{4}$ ണ. വില പറഞ്ഞത് ഗവമ്മെൻറിന്റെ എസ്റ്റിമേറാണോ, അതോ മാക്കറു റേറോ?

രാമവമ്മതമ്പുരാൻ.— നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.— ഗവമ്മെൻറിൽനിന്നും അയച്ചുതന്നിട്ടുള്ള മുണ്ടുകളാണിവ. ഇതിൽ ഗവമ്മെൻറു സീലും, വിലയും ഉണ്ട്.

മിസ്റ്റർ എം. എ. ചാക്കോ.— ആരാണ് വിലയിട്ടിരിയ്ക്കുന്നത്?

മിസ്റ്റർ കെ. പി. വള്ളോൻ.— ഗവമ്മെൻറിൽനിന്നും ഇട്ടിരിയ്ക്കുന്നതാണു്.

മിസ്റ്റർ എം. എ. ചാക്കോ.— എന്തു വിലയാണു്?

മിസ്റ്റർ കെ. പി. വള്ളോൻ.— $1\frac{3}{4}$ അണ.

മിസ്റ്റർ എം. എ. ചാക്കോ.— വളരെ ലാഭം.

രാമവമ്മതമ്പുരാൻ.— ടെണ്ടർ വിളിച്ചു കൊടുത്തിട്ടുള്ളതനുസരിച്ച് സ്കൂളിൽനിന്നും വിലയിട്ടിട്ടുണ്ടായിരിയ്ക്കുണം.

മിസ്റ്റർ എം. കെ. രാമൻ.— ഗവമ്മെൻറിൽനിന്നും മുണ്ടിനു വിലയിടുവാൻ വച്ചിട്ടുള്ള ആഫീസർ ആരാണു്?

രാമവമ്മതമ്പുരാൻ.— ഞാനറിയുകയില്ല.

മിസ്റ്റർ പോപ്പുറുലാൽ ഗോവർദ്ധൻലാലൻ.— ഈ മറുപടി എവിടെനിന്നും ലഭിച്ചതാണു്?

രാമവമ്മതമ്പുരാൻ.— പ്രൊട്ടക്ടറിൽനിന്നു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധൻലാലൻ.—ഈ മുണ്ടുകൾ എങ്ങിനെയാണ് അവർക്കു വാങ്ങിച്ചു കൊടുക്കുന്നതു?

രാമവമ്മതമ്പുരാൻ.— ടെണ്ടർ വിളിച്ചു കൺട്രാക്റ്റ് ഏല്പിച്ചു കൊടുക്കുകയാണു ചെയ്യുന്നതു്.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധൻലാലൻ.— കൺട്രാക്റ്റു കൊടുത്തപ്പോൾ ഉണ്ണ വിലയ്ക്കുള്ള മുണ്ടുകൾ വേണമെന്നു് തീരുമാനിയ്ക്കുയുണ്ടായോ?

രാമവമ്മതമ്പുരാൻ.— ഇന്ന സാധനം ഇന്ന വിലയ്ക്കുള്ളതു് ഇത്ര യിരുയെണ്ണം വേണം എന്ന തീരുമാനിച്ചിരിയ്ക്കും. അതനുസരിച്ചാണു കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധൻലാലൻ.— ആരാണ് ഇതു കുട്ടികൾക്കു കൊടുക്കുന്നതു്?

രാമവമ്മതമ്പുരാൻ.— ഹെഡ് മാസ്റ്റർമാർ, മാനേജർമാർ, ഡിപ്പാർട്ടുമെൻറൽ ഹെഡ്സ് മുതലായവർ.

മിസ്റ്റർ കെ. പി. വള്ളോൻ.— ഇതിനെപറ്റി അയച്ചതന്നിട്ടുള്ള വിവരങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു് ഗവമ്മെൻറിൽനിന്നും എഴുതി അയച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.— അതിക്ക്?

മിസ്റ്റർ കെ. പി. വള്ളോൻ.— ഇതിനെപറ്റിയുള്ള വിവരങ്ങൾ ഗവമ്മെൻറിലേക്കെഴുതിയയച്ചപ്പോൾ ഫ്ലസൂർ ആഫീസിൽനിന്നും അന്വേഷിച്ചതിൽ അടിസ്ഥാനരഹിതമാണെന്നു കാണുന്നതായി എഴുതി അയച്ചിരിയ്ക്കുന്നു.

രാമവമ്മതമ്പുരാൻ.— ഫ്ലസൂരാഫീസിൽ നിന്നാണെങ്കിൽ ഗവമ്മെൻറുതന്നെ എഴുതി അയച്ചിരിയ്ക്കുണം.

മിസ്റ്റർ കെ. പി. വള്ളോൻ.— മുണ്ടിൻെറ വിലയെന്താണെന്നു ചോദിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.— പ്രൊട്ടക്റ്ററോടു ചോദിച്ചിട്ടു അദ്ദേഹം എഴുതിയയച്ചതാണ് ഇവിടെ മറുപടിയായി പറഞ്ഞിരിയ്ക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അതു ശരിയാണെന്നു ഗവമ്മെൻറിനു ബോദ്ധ്യമുണ്ടോ?

രാമവമ്മതമ്പുരാൻ.— ബോദ്ധ്യമുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.— ഈ അണ വിലയുള്ള മുണ്ടുകൾ ഏതു ക്ലാസിൽ പഠിയ്ക്കുന്ന കുട്ടികൾക്കാണു കൊടുക്കുന്നതെന്നന്വേഷിയ്ക്കാമോ?

മിസ്റ്റർ രാമവമ്മ തമ്പുരാൻ.— അന്വേഷിയ്ക്കാം.

Economic Survey—Materials collected so far.

134. **Mr. K. M. Ibrahim.**—Will the Government kindly place on the table all the materials, collected by the Economic Survey so far?

LIBRARY ARCHIVES Kerala Legislative Assembly